"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

സഹകരണ വകുപ്പ് - അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി സ്കീം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.103/2024/Co-Op    തീയതി,തിരുവനന്തപുരം, 16-02-2024

---

പരാമർശം:-
1. 18/02/2022 ലെ സ.ഉ(സാധാ)നം.80/2022/സഹ നമ്പർ ഉത്തരവ്.
2. 15/03/2022 ലെ സ.ഉ(സാധാ)നം.160/2022/സഹ നമ്പർ ഉത്തരവ്.
3. സഹകരണ സംഘം രജിസ്ട്രാറുടെ 17/11/2023 ലെ ആർ.സി.എസ്/8243/2023/സി.എസ് നമ്പർ കത്ത്.

## ഉത്തരവ്

സഹകരണ രംഗത്ത് പ്രവർത്തിച്ചിട്ടുള്ളവരും, വളരെക്കാലമായി പ്രവർത്തിക്കുകയും, സഹകരണ മേഖലയുടെ സർവ്വതോൻമുഖമായ പുരോഗതിക്ക് വേണ്ടി പ്രയത്നിച്ചവരും, സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ജീവിതകാലം മുഴുവൻ പ്രയത്നിച്ചവർക്കുമായി അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി പദ്ധതി പരാമർശം ഒന്ന് സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള സംസ്ഥാനതല സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ പരാമർശം മൂന്നിലെ കത്ത് പ്രകാരം അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി പദ്ധതിയിൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

i) ചട്ടം (2) ലെ കുറിപ്പ് - കുടുംബാംഗങ്ങൾ എന്നതിന്റെ വ്യാഖാനത്തിൽ അച്ഛൻ, ഭർത്താവ് എന്നിവരെ കൂടി ഉൾപ്പെടുത്തണം.

ii) ചട്ടം (3) ൽ രണ്ട് കോടി രൂപ എന്നതിന് പകരമായി തുക നാല് കോടി രൂപ എന്ന് മാറ്റണം.

iii) ചട്ടം (5) ധനസഹായത്തിന്റെ ഘടനയിൽ ധനസഹായം അനുവദിച്ച ശേഷം ആയത് കൈപ്പറ്റുന്നതിന് മുൻപായി മരണപ്പെടുന്നവരുടെ കാര്യത്തിൽ 25/05/2023 ലെ സഹ.ബി1/68/2023/സഹ നമ്പർ സർക്കാർ കത്ത് മുഖേന നൽകിയ മാർഗ്ഗനിർദ്ദേശം ഉൾപ്പെടുത്തുന്നതിനുള്ള ഭേദഗതി വരുത്തണം.

iv) ചട്ടം (4) വിനിയോഗം - ചട്ടം (3) ഫണ്ട് രൂപീകരണത്തിന്റെ ഭേദഗതിക്ക് ആനുപാതികമായ ഭോദഗതി വരുത്തണം.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി പദ്ധതിയുടെ കോർപ്പസ് ഫണ്ട് തുക 4,00,00,000/- രൂപയായി (നാല് കോടി രൂപ) ആയി വർദ്ധിപ്പിച്ച് കൊണ്ടും ആശ്വാസനിധി പദ്ധതി സ്കീമിൽ ചുവടെ ചേർക്കുന്ന ഭേദഗതികൾ വരുത്തിയും ഉത്തരവാകുന്നു.

i ) ചട്ടം (2) ലെ കുറിപ്പിൽ "*അമ്മ*" എന്നതിനുശേഷം "*അച്ഛൻ, ഭർത്താവ്*" എന്നു കൂട്ടിച്ചേർക്കണം.

ii) ചട്ടം (3) ൽ "*രണ്ട് കോടി രൂപയും*" എന്നതിന് പകരമായി "*നാല് കോടി രൂപയും*" എന്ന് ചേർക്കണം

iii) ചട്ടം (4) ൽ "*രണ്ട് കോടി രൂപ*" എന്നതിന് പകരമായി "*നാല് കോടി രൂപ*" എന്ന് ചേർക്കണം

iv) ചട്ടം (5) ഉപചട്ടം (ബി) ക്കു ശേഷം ചുവടെ പറയും പ്രകാരം ഉപചട്ടം (സി) ചേർക്കണം.

*"(സി) ഉപചട്ടം (എ) പ്രകാരം അശരണരായ സഹകാരികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അർഹത ഉറപ്പാക്കിയ ശേഷം അനുവദിക്കുന്ന സഹായധനം കൈപ്പറ്റുന്നതിന് മുൻപ് അപേക്ഷകൻ/അപേക്ഷക മരണപ്പെടുന്ന സാഹചര്യങ്ങളിൽ മരണസർട്ടിഫിക്കറ്റിന്റെയും, നിയമപരമായ അവകാശ സർട്ടിഫിക്കറ്റിന്റെയും ചികിത്സാ സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിൽ ചികിത്സയ്ക്ക് ചെലവായ തുക കണക്കാക്കി മരണപ്പെട്ട വ്യക്തിയുടെ അർഹതപ്പെട്ട അവകാശിയ്ക്ക് അനുവദിച്ച് നൽകാവുന്നതാണ് ."*

3) മേൽ ഭേദഗതികളോടെ പരാമർശം ഒന്ന് ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 16-02-2024 17:08:03